

ബാബ്‌ല കഥപറയുന്നു-7

# അയിത്തോച്ചാടനം

**ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേസായിയുടെ മകൻ നാരായൺ ദേസായ് ചെറുപ്പത്തിൽ 20 വർഷം ഗാന്ധിജിയോടൊപ്പം കഴിഞ്ഞതിന്റെ അനുഭവങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ ഗാന്ധിയെ എന്തുകൊണ്ടാണ് എല്ലാവരും മഹാത്മാ എന്ന് വിളിക്കുന്നതെന്ന് ബാപ്പുവിന്റെ സ്വന്തം ബാബ്‌ലയായ നാരായൺ ദേസായി ഈ കഥകളിലൂടെ നമുക്ക് പറഞ്ഞുതരുന്നു.**



**അസ്പൃശ്യത** അഥവാ തൊട്ടുകൂടായ്മ നാടിന്റെ ശാപമായി നിലനിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നും രാജ്യത്തിന്റെ പല ഭാഗത്തും ഇത് നിലനിൽക്കുന്നു. എന്നുള്ളത് ഒരു ദുഃഖസത്യമാണ്. മനുഷ്യൻ മനുഷ്യനെ പല തട്ടുകളിലായി തിരിച്ച് ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾക്കകത്ത് നിർത്തിയിരിക്കുന്ന ഈ വ്യവസ്ഥിതിയെ മഹാത്മജി ചെറുപ്പകാലം തൊട്ടുതന്നെ എതിർത്തിരുന്നു. അച്ഛനമ്മമാരുടെ ഏതാജ്ഞകളെയും ശിരസാവഹിച്ചിരുന്ന മോഹൻദാസ് പക്ഷെ വീട്ടിലെ അടിച്ചു തളിക്കാരിയായ താഴ്ന്ന ജാതിയിൽപെട്ട ഉകാബായിയെ തൊട്ടശുദ്ധമാകരുതെന്ന അമ്മയുടെ ആജ്ഞ പാലിക്കാൻ തയ്യാറായിരുന്നില്ല. ഈ നിഷേധം പിന്നീട് വളർന്ന് വളർന്ന് ഹരിജന സേവന പരിപാടിയായി മാറുകയായിരുന്നു. എന്റെ വിവാഹപ്രായമായപ്പോഴേക്കും അദ്ദേഹം ഇക്കാര്യത്തിൽ വ്യക്തമായൊരു ധാരണയിൽ എത്തിയിരുന്നു. ജാതിയെ ഇല്ലാതാക്കാൻ ഏറ്റവും നല്ല മാർഗ്ഗം താഴ്ന്ന ജാതിയിലും ഉയർന്ന ജാതിയിലും പെട്ടവർ തമ്മിൽ വിവാഹം ചെയ്യുകയാണ് എന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അതിനാൽ വധൂവരന്മാരിൽ ഒരാൾ താഴ്ന്ന ജാതിയിലും (ദളിതർ) മറ്റൊരാൾ ഉയർന്ന ജാതിയിലും (സവർണ്ണർ) പെട്ടവരാണെങ്കിൽ മാത്രമേ താൻ ആ വിവാഹത്തിൽ പങ്കെടുക്കുകയുള്ളൂ എന്ന് അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി.

ഇതിനിടയ്ക്കാണ് ഒറീസയിലെ ഉത്തരാ ചൗധരിയുമായി എന്റെ വിവാഹം നിശ്ചയിക്കപ്പെട്ടത്. അച്ഛൻ മഹാദേവ് ദേസായി ആഗാഖാൻ ജയിലിൽ (പൂനെ) വെച്ച് മരണമടഞ്ഞിരുന്നു. അച്ഛന്റെ ആത്മമിത്രവും ഗാന്ധിജിയുടെ സെക്രട്ടറിയുമായിരുന്ന പ്യാരേലാൽജിയാണ് അച്ഛന്റെ സ്ഥാനത്തു നിന്ന് ചുമതലകൾ നിർവ്വഹിച്ചത്. ബാബ്‌ലയുടെ വിവാഹത്തിൽ ബാപ്പുവിന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കണമെന്ന് അമ്മ ആഗ്രഹിച്ചിരുന്നു. പക്ഷേ വിവാഹിതരാകുന്ന രണ്ടുപേരും ജാതിയിൽ ഉയർന്നവരായിരുന്നു. അതിനാൽ ബാപ്പുജി പങ്കെടുക്കുന്ന കാര്യത്തെക്കുറിച്ച് യാതൊരുറപ്പുമില്ലായിരുന്നു. ബാപ്പുവിനെക്കൊണ്ട് സമ്മതിപ്പിക്കുന്ന കാര്യം ഏറ്റെടുത്തുകൊണ്ട് പ്യാരേലാൽ കാക്ക അമ്മയെ സമാധാനിപ്പിച്ചു. ഒരു ദിവസം സായംകാല സവാരിക്കിടയിൽ പ്യാരേലാൽജി അനുനയത്തിൽ വിഷയമവതരിപ്പിച്ചു.

"ബാപ്പു നമ്മുടെ ബാബ്‌ലയുടെ വിവാഹമാണ്."

"ആര്, നമ്മുടെ ബാബ്‌ലയോ, അവന് വിവാഹപ്രായമൊക്കെയായോ?"

മുതിർന്നവർക്ക് തങ്ങളുടെ കുഞ്ഞുങ്ങൾക്ക് എത്ര വയസ്സായാലും അവർ കുട്ടികൾ തന്നെയായിരിക്കുമല്ലോ. അതിനാൽ വിവാഹപ്രായമായിട്ടും ഞാനിപ്പോഴും ഇള്ളക്കുട്ടിയാണെന്നായിരുന്നു ബാപ്പുവിന്റെ വിചാരം.

ആരാണ് വധുവെന്നായി അടുത്ത ചോദ്യം. ഒറീസയിലെ പ്രസിദ്ധ സ്വാതന്ത്ര്യസമരസേനാനിയും സോഷ്യലിസ്റ്റുമൊക്കെയായിരുന്ന നവകൃഷ്ണ ചൗധരിയുടെ മകൾ ഉത്തരയാണെന്ന് മറുപടി നൽകി.

"വളരെ നല്ലത്" ബാപ്പുവിന്റെ ഉത്തരം. "പക്ഷേ ബാപ്പു" പ്യാരേലാൽജി വിക്കി. "പിന്നെന്താണ് പക്ഷേ? ഉയർന്ന ചിന്തയും പുരോഗമനവാദികളുമായ കുടുംബം. എന്താണ് തടസ്സം." " "ബാപ്പുവിന്റെ പ്രതിജ്ഞ?" "ഓ അതോ, ദുർഗ്ഗാബഹനോട് പറയൂ, ബാബ്‌ലയ്ക്ക് എന്റെ ആശീർവാദമുണ്ടായിരിക്കും. പക്ഷേ വിവാഹത്തിൽ എന്റെ സാന്നിദ്ധ്യം ഉണ്ടായിരിക്കില്ല." "ബാബ്‌ല നമ്മുടെ വീട്ടിലെ കുട്ടിയാണ്. മറ്റുള്ളവർക്കായി ചിലപ്പോൾ പ്രതിജ്ഞകൾ ലംഘിക്കപ്പെടാം. എന്നാൽ നമ്മുടെ കുട്ടികളുടെ കാര്യത്തിൽ അവ ഒരിക്കലും സാധ്യമല്ല." അങ്ങനെ എന്റെ വിവാഹത്തിൽ വധുവരന്മാർ ഉയർന്ന ജാതിക്കാരാണെന്ന കാരണത്താൽ മഹാത്മജി പങ്കെടുക്കുകയുണ്ടായില്ല. എന്നാൽ വിവാഹത്തിന്റെ അതേ ദിവസം അമ്മയുടെ പേരിൽ മഹാരാഷ്ട്രയിലെ സേവാഗ്രാമിൽ നിന്നും ഒരു പോസ്റ്റ് കാർഡ് എത്തി. ബാബ്‌ലയുടെ വിവാഹത്തിന് എല്ലാ ആശീർവാദങ്ങളും നേർന്നുകൊണ്ട് ബാപ്പുജിയുടെ കത്ത്!

രണ്ട് പാഠങ്ങളാണ് ഇതിലൂടെ ഗാന്ധിജി നമുക്ക് നൽകിയത്. ഒന്ന് മിശ്രജാതിയിൽ പെട്ടവർ തമ്മിൽ വിവാഹം കഴിക്കുക വഴി ജാതിയെ ഉന്മൂലനം ചെയ്യാമെന്ന പാഠം. മറ്റൊന്ന് സ്വന്തക്കാർക്കായി സ്വന്തം പ്രതിജ്ഞയിൽ വെള്ളം ചേർക്കാൻ തയ്യാറല്ലെന്ന പാഠം.